Government of Kerala

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

നം. കൈറ്റ്/2026/1562 (57) തീയതി: 08.05.2026

# സർക്കുലർ

**വിഷയം :** **കൈറ്റ് - ലിറ്റിൽ കൈറ്റ്സ് യൂണിറ്റുകളുടെ പ്രവർത്തനം വിലയിരുത്തൽ - 2026-29 ബാച്ചിന് അംഗീകാരം നൽകൽ സംബന്ധിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.**

സൂചന: 1. സ.ഉ (സാധാ) നം.361/2018/പൊ.വി. തീയതി 20.01.2018.

2. 2026 ഏപ്രിൽ 10 മുതൽ 12 വരെ വയനാട് നടന്ന മാസ്റ്റർ ട്രെയിനർമാരുടെ ആസൂത്രണ യോഗത്തിന്റെ മിനിട്സ്.

സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ പ്രവർത്തിക്കുന്ന ലിറ്റിൽ കൈറ്റ്സ് യൂണിറ്റുകളുടെ 2025-26 അധ്യയന വർഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ ഓരോ യൂണിറ്റും ഗ്രേഡ് ചെയ്യുന്നതിന് സൂചന രണ്ട് പ്രകാരം നിർദേശം നൽകിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ നടന്ന വിലയിരുത്തലിന്റെ വിശദാംശം ഓൺലൈൻ മാനേജ്മെന്റ് സിസ്റ്റത്തിലെ യൂണിറ്റ് ലോഗിനിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ലിറ്റിൽകൈറ്റ്സ് യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് തീരുമാനിച്ചിരിക്കുകയാണ്. ആയതിനാൽ 2026-29 ബാച്ചിനുള്ള പ്രവർത്തന അനുമതി നൽകുന്നത് സംബന്ധിച്ച് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:

1. എല്ലാ ലിറ്റിൽകൈറ്റ്സ് യൂണിറ്റുകളും അവരവർക്ക് ലഭിച്ച ഗ്രേഡ് ഓൺലൈനിൽ പരിശോധിക്കേണ്ടതും കൂടുതൽ മെച്ചപ്പെട്ട പ്രവർത്തനങ്ങൾ ക്രമീകരിക്കേണ്ടതുമാണ്.

2. ലിറ്റിൽകൈറ്റ്സ് പ്രവർത്തനങ്ങളുടെ നിയതമായ പ്രവർത്തനങ്ങൾക്ക് ഓരോ യൂണിറ്റിലും രണ്ട് മെന്റർമാരുടെ സേവനം അനിവാര്യമാണ്. അതിനാൽ 2026-27 ലെ മെന്റർമാരായ അധ്യാപകരുടെ ലിസ്റ്റ് 2026 മെയ് 15 നകം കൈറ്റിന്റെ ജില്ലാ ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്.

3. പരിശീലനം ലഭിച്ച അധ്യാപകർ മാത്രമായിരിക്കണം മെന്റർമാരായി പ്രവർത്തിക്കേണ്ടത്. ആയതിനാൽ 2026-27 ലെ മെന്റർമാർക്ക് പരിശീലനം ലഭിച്ചിട്ടില്ലെങ്കിൽ 2026 മെയ് മാസം നിർബന്ധമായും പരിശീലനത്തിൽ പങ്കെടുക്കേണ്ടതാണ്.

4. നിലവിൽ രജിസ്ട്രേഷൻ ഇല്ലാത്തതും യൂണിറ്റ് ആരംഭിക്കാൻ താല്പര്യമുള്ളതുമായ വിദ്യാലയങ്ങൾ 2026 മെയ് 16 നകം ജില്ലാ ഓഫീസിൽ അപേക്ഷ നൽകേണ്ടതാണ് ( അനുബന്ധം 1). നിലവിൽ രജിസ്ട്രേഷൻ ഉള്ള യൂണിറ്റുകളുടെ പട്ടിക കൈറ്റ് വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

5. നിലവിൽ രജിസ്ട്രേഷൻ ഉള്ള യൂണിറ്റുകളും പുതുതായി രജിസ്ട്രേഷന് അപേക്ഷിക്കുന്ന യൂണിറ്റുകളും 2026-29 ബാച്ചിന്റെ പ്രവർത്തനാനുമതിക്ക് അനുബന്ധം 2 ൽ പ്രത്യേക സത്യവാങ്മൂലം 2026 മെയ് 20 നകം ജില്ലാ ഓഫീസിൽ നൽകേണ്ടതാണ്.

**കെ. അൻവർ സാദത്ത്**
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

*അനുബന്ധം 1*

## ലിറ്റിൽ കൈറ്റ്സ്
## യൂണിറ്റ് ആരംഭിക്കുന്നതിനുള്ള അപേക്ഷാഫോറം

**(ലിറ്റിൽ കൈറ്റ്സിന്റെ നിയമാവലി, മാർഗനിർദ്ദേശങ്ങൾ എന്നിവ പൂർണ്ണമായും വായിച്ചതിനുശേഷം പൂരിപ്പിക്കുക)**

**1. വിദ്യാലയവിവരങ്ങൾ**

| | | | | |
|---|---|---|---|---|
| ജില്ല | | | | |
| വിദ്യാഭ്യാസ ജില്ല | | | | |
| വിദ്യാഭ്യാസ ഉപജില്ല | | | | |
| നിയമസഭ മണ്ഡലം | | | | |
| ലോകസഭ മണ്ഡലം | | | | |
| വിദ്യാലയത്തിന്റെ പേര് | | | | |
| മാനേജ്മെന്റ് (സർക്കാർ / എയ്ഡഡ് ) | | | | |
| വിഭാഗം<br>( ഫിഷറീസ്,ട്രൈബൽ,എം ആർ എസ് ....) | | | | |
| മേൽവിലാസം | | | | |
| സ്കൂൾ ഫോൺ നമ്പർ | | | | |
| സ്കൂൾ ഇ–മെയിൽവിലാസം | | | | |
| വിദ്യാലയമേധാവിയുടെ പേര് | | | | |
| വിദ്യാലയമേധാവിയുടെ മൊബൈൽ നമ്പർ | | | | |
| എസ്.ഐ.ടി.സിയുടെ പേര് | | | | |
| എസ്.ഐ.ടി.സി യുടെ മൊബൈൽ നമ്പർ | | | | |
| സ്കൂളിലെ ആകെ വിദ്യാർത്ഥികളുടെ എണ്ണം | ആൺ | | പെൺ | |
| എട്ടാം ക്ലാസ്സിലെ  വിദ്യാർത്ഥികളുടെ എണ്ണം | ആൺ | | പെൺ | |
| പി.ടി.എ പ്രസിഡണ്ടിന്റെ പേര്, ഫോൺ | | | | |
| മദർ പി ടി എ പ്രസിഡണ്ടിന്റെ പേര്, ഫോൺ | | | | |

**2. ലിറ്റിൽ കൈറ്റ്സ് മെന്റർമാരുടെ വിശദാംശങ്ങൾ**

| | | |
|---|---|---|
| പേര് | | |
| പെൻ(PEN): | | |
| വിഷയം: | | |
| മൊബൈൽ നമ്പർ: | | |
| ഇ–മെയിൽ വിലാസം: | | |

| | | |
|---|---|---|
| അടിസ്ഥാന ഐ.സി.ടി പരിശീലനം ലഭിച്ചിട്ടുണ്ടോ? | | |
| നിലവിൽ എസ് ഐ.ടി.സി ആണോ? | | |
| എസ്.ഐ.ടി.സി ആയി പ്രവർത്തിട്ടുണ്ടോ? | | |
| ഐ.സിടി പരിശീലനപരിപാടികളിൽ ആർ.പി ആയി പങ്കെടുത്തിട്ടുണ്ടോ? | | |
| **താത്പര്യമുള്ള ഐ.സി.ടി. മേഖല / മേഖലകൾ** | | |
| ഗ്രാഫിക്സും മൾട്ടീമീഡിയ ആനിമേഷനും | | |
| ഇലക്ട്രോണിക്സ് & അപ്ളൈഡ് കമ്പ്യൂട്ടർ പ്രോഗ്രാമിങ് | | |
| പ്രോഗ്രാമിങ് & എത്തിക്കൽ ഹാക്കിംഗ് | | |
| ഹാർഡ്‌വെയർ | | |
| ഇന്റർനെറ്റ് നൈതികതയും സൈബർ സുരക്ഷയും | | |
| ഭാഷാ കമ്പ്യൂട്ടിങ് | | |

**3.സ്കൂൾ ഐ.സി.ടി പശ്ചാത്തലസൗകര്യം**

| | |
|---|---|
| കമ്പ്യൂട്ടർ ലാബുകളുടെ എണ്ണം | |
| ലാബിലെ ആകെ കമ്പ്യൂട്ടറുകളുടെ എണ്ണം: | |
| ഇന്റർനെറ്റ് ലഭ്യമായ കമ്പ്യൂട്ടറുകളുടെ എണ്ണം: | |
| ക്ലാസ്സുമുറി,ലാബ് എന്നിവയ്ക്ക് പുറമെ ഹൈടെക്ക് സൗകര്യമുള്ള മുറികളുടെ എണ്ണം: | |
| ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങൾക്കായി സ്കൂളിൽ അധികസൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് പി ടി എ സന്നദ്ധമാണോ? | |

**4.ഐ.സി.ടി മേഖലയിൽ സ്കൂൾ ആർജിച്ച മികവുകളെ സംബന്ധിച്ച ലഘുവിവരണം**
*(**സൂചകങ്ങൾ–** ഐ.ടി മേളയിലെ പങ്കാളിത്തം-ഉപജില്ല,ജില്ല,സംസ്ഥാനതല മേളകളിലെ നേട്ടങ്ങള്, ഐ.സി.ടി മേഖലയിലെ സ്കൂളിന്റെ തനതു പ്രവർത്തനങ്ങള്, ലാബ് പരിപാലനത്തിൽ കുട്ടികളുടെ പങ്ക്, ഐ.ടി ക്ലബ്ബ് /ഐ ടി കോർണർ /കുട്ടിക്കൂട്ടം – മുൻ കാല നേട്ടങ്ങൾ)*

<u>സത്യപ്രസ്താവന</u>

മുകളിൽ ചേർത്തിരിക്കുന്ന വിവരങ്ങൾ സ്കൂൾ പി.ടി.എ / എസ്.എം.സി.യുടെ അറിവോടെയും സമ്മതത്തോടെയും തയാറാക്കിയതാണ്. ലിറ്റിൽ കൈറ്റ്സിന്റെ നിയമാവലിയ്ക്കും മാർഗനിർദ്ദേശങ്ങൾക്കും കൈറ്റിന്റെ ഇതുസംബന്ധിച്ച കാലാകാലങ്ങളിലുള്ള നിർദ്ദേശങ്ങൾക്കും വിധേയമായി പരിശീലനങ്ങളും മറ്റു പ്രവർത്തനങ്ങളും നിർവഹിക്കുന്നതുമാണ്.

സ്ഥലം:
തിയതി:

പ്രഥമാധ്യാപിക/പ്രഥമാധ്യാപകന്റെ പേരും ഒപ്പും

*അനുബന്ധം 2*

## ലിറ്റിൽകൈറ്റ്സ് 2026–29 ബാച്ച് അനുമതിക്ക് മുമ്പായി യൂണിറ്റുകൾ നൽകേണ്ട സത്യവാങ്മൂലം

സ്കൂളിന്റെ പേരും കോഡും :

ഉപജില്ല :

ജില്ല :

ഈ വിദ്യാലയത്തിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെ നൽകിയിരിക്കുന്ന കാര്യങ്ങൾ ഈ സ്കൂളിൽ കാര്യക്ഷമമായും സമയബന്ധിതമായും നടപ്പിലാക്കുമെന്ന് ഇതിനാൽ ഉറപ്പ് നൽകുന്നു.

1. ലിറ്റിൽ കൈറ്റ്സ് പദ്ധതിയുമായി ബന്ധപ്പെട്ട് കൈറ്റ് അതാത് സമയങ്ങളിൽ നിർദേശിക്കുന്ന എല്ലാ പ്രവർത്തനങ്ങളും കാര്യക്ഷമമായും സമയബന്ധിതമായും മെന്റർമാരുടെ നേതൃത്വത്തിൽ പൂർത്തിയാക്കുന്നതാണ്.

2. ലിറ്റിൽ കൈറ്റ്സ് മെന്റർമാരായി പരിശീലനം ലഭിച്ച അധ്യാപകരുടെ സേവനം ഉറപ്പുവരുത്തുന്നതാണ്. പദ്ധതി നടത്തിപ്പിൽ മുഴുവൻ സമയ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനായി ലിറ്റിൽകൈറ്റ്സ് പ്രവർത്തനങ്ങളെ ബാധിക്കുന്ന തരത്തിൽ മെന്റർമാരെ മറ്റ് അധിക ചുമതലകളിൽ നിന്ന് ഒഴിവാക്കുന്നതിന് പരമാവധി ശ്രമിക്കുന്നതാണ്.

3. അടിയന്തര സാഹചര്യത്തിലല്ലാതെ (ട്രാൻസ്ഫർ, വിരമിക്കൽ) നിലവിലുള്ള കൈറ്റ് മെന്റർമാരെ ചുമതലയിൽനിന്ന് ഒഴിവാക്കുന്നതല്ല.

4. ഈ സ്കൂളിൽ 8, 9 ക്ലാസുകളിലെ ഐ.സി.ടി. പാഠഭാഗങ്ങൾ കൃത്യമായി വിനിമയം ചെയ്യുന്നുവെന്ന് ഉറപ്പുവരുത്തുകയും ഐസിടി അധിഷ്ഠിത പ്രവർത്തനങ്ങളും മൂല്യനിർണയ പ്രവർത്തനങ്ങളും നടപ്പിലാക്കുന്നത് നടപടി സ്വീകരിക്കുകയും ചെയ്യും.

5. ലിറ്റിൽ കൈറ്റ്സ് പദ്ധതിപ്രവർത്തനങ്ങളുടെ റുട്ടീൻ ക്ലാസുകൾ, അംഗങ്ങളുടെ ഹാജർ രേഖപ്പെടുത്തൽ, സാമൂഹിക പ്രതിബദ്ധതയുള്ള പ്രവർത്തനങ്ങൾ തുടങ്ങിയവ കാര്യക്ഷമമായും സമയബന്ധിതമായും നടപ്പിലാക്കും.

6. ലിറ്റിൽകൈറ്റ്സ് പദ്ധതിയുമായി ബന്ധപ്പെട്ട് ഓൺലൈൻ മാനേജ്മെന്റ് സിസ്റ്റത്തിൽ (എൽ.കെ.എം.എസ്) സ്കൂളിൽ നിന്ന് ഉൾപ്പെടുത്തേണ്ട പ്രവർത്തനങ്ങൾ യഥാസമയം ഉൾപ്പെടുത്തുന്നതാണ്. അംഗങ്ങളുടെ ഹാജർ, ക്യാമ്പിലെ പങ്കാളിത്തം തുടങ്ങിയവ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ സ്കൂളിന്റെ ഭാഗത്തുനിന്നുള്ള ശ്രദ്ധാക്കുറവുമൂലം ഉണ്ടാകാതെ സൂക്ഷിക്കുന്നതാണ്.

7. ലിറ്റിൽ കൈറ്റ്സ് പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിന് ആവശ്യമായ എല്ലാ സൗകര്യങ്ങളും വിദ്യാലയത്തിന്റെയും പി.ടി.എ/എസ്.എം.സി. യുടെയും നേതൃത്വത്തിൽ ഒരുക്കുന്നതാണ്.

സ്ഥലം :

തിയതി : പ്രഥമാധ്യാപിക/പ്രഥമാധ്യാപകന്റെ പേരും ഒപ്പും